## കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും എല്ലാ വിദ്യാർഥികളുടെയും സർക്യൂട്ട് ശാഖയിലെ ജീവനക്കാരുടെയും/ഫാക്കൽറ്റി മെമ്പേഴ്സിന്റെയും സേവനം ഉറപ്പു വരുത്തുന്നത് സംബന്ധിച്ച് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ ) വകുപ്പ്**

**സ.ഉ.(സാധാ)നം:1597/2018/ ഉ.വി.വ തിരുവനന്തപുരം, തീയതി,24/08/2018**

**പരാമർശം:-**1. 19.08.2018 തീയതിയിലെ സ.ഉ (സാധാ )2288 /2018/ത .സ്വ.ഭ .വ ഉത്തരവ്.

2. 23.08.2018 തീയതിയിലെ ഇ.എ 2 /34063/18/ഡി.ടി.ഇ നമ്പർ പരിപത്രം 106 / 2018.
3. 23.08.2018 തീയതിയിലെ എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ KTU/Asst(Academic)/2936/2017 നമ്പർ നടപടി കുറിപ്പ്.

**ഉത്തരവ്**

കേരളം അഭിമുഖീകരിച്ച പ്രളയം മൂലം വീടുകളും പൊതുസ്ഥലങ്ങളും വെള്ളവും ചെളിയും കയറി ഉപയോഗ ശൂന്യമായി തീർന്നിരിക്കുന്നതിനാൽ വെള്ളം കയറി നശിച്ച വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ഉപയോഗ യോഗ്യമാക്കി നൽകുന്നതിന് സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച് സൂചന 1-ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു.

ശുചീകരണപ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വാർഡു തല വോളന്റിയേഴ്സ് ടീമുകളിലേക്ക് വീടുകളുടെയും സ്ഥാപനങ്ങളുടെയും എണ്ണത്തിനനുസരിച്ച് സന്നദ്ധ സേവനം ഉറപ്പുവരുത്തണമെന്ന പ്രസ്തുത ഉത്തരവിലെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ എഞ്ചിനീയറിംഗ്, പോളിടെക്നിക് കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും ദുരന്ത നിവാരണ സെല്ലുകൾ രൂപീകരിച്ച പുനരധിവാസ യജ്ഞത്തിൽ പങ്കെടുക്കുന്നതിനുള്ള നിർദേശങ്ങൾ സാങ്കേതിക

വിദ്യാഭ്യാസ ഡയറക്ടർ സൂചന 2 പ്രകാരം പുറപ്പെടുവിച്ചിരുന്നു. കൂടാതെ ഇപ്രകാരം പുനരധിവാസ യജ്ഞത്തിൽ പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് പ്രോത്സാഹനമെന്ന നിലയിൽ ഗ്രേസ് മാർക്കുകൾ നൽകുന്നതു സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാർ സൂചന 3 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രളയാനന്തര പുനരധിവാസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജിലെയും പോളിടെക്നിക് കോളേജിലെയും സ്വാശ്രയ പോളിടെക്നിക് കോളേജിലെയും സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളി ലെയും വിദ്യാർത്ഥികളേയും സർക്യൂട്ട് ശാഖയിലെ ജീവനക്കാരുടെയും/ഫാക്കൽറ്റി മെമ്പേഴ്സിന്റെയും സേവനം ഉറപ്പ് വരുത്തേണ്ടതും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉള്ള ലിങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും ദുരന്ത നിവാരണസെൽ കോ-ഓർഡിനേറ്റർമാരുടെയും രജിസ്ട്രേഷൻ ഉടനടി നടത്തേണ്ടതിനും നിർദേശം നൽകി ഉത്തരവാകുന്നു. ഇപ്രകാരം സന്നദ്ധ പ്രവർത്തനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ സൂചിപ്പിച്ച എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്. കൂടാതെ ഇവർ പ്രളയ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എഞ്ചിനീയർമാരോടൊപ്പവും മറ്റു ഉദ്യോഗസ്ഥർമാർക്കൊപ്പവും പ്രവർത്തിക്കുന്നു എന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ് .

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

1. എല്ലാ ജില്ലാ കളക്ടർമാർക്കും
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
3. തദ്ദേശ സ്വയംഭരണ സ്ഥാപന വകുപ്പ് (ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിന്)

4. രജിസ്ട്രാർ , എ.പി.ജെ അബ്ദുൽ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ /ആഡിറ്റ്) കേരള, തിരുവനന്തപുരം
6. ഇൻഫർമേഷൻ ആഫീസർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
7. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
9. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
10. ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

Rakesh

**സെക്ഷൻ ഓഫീസർ**